

# നോമ്പ് ഒന്നാം വ്യാഴം (ലൂക്കാ 22:24-30)

അധികാരമുള്ളവൻ വലിയവനായും അധികാരത്തിന് കീഴ്പ്പെട്ടവർ ചെറിയവരായും ഗണിക്കപ്പെടുന്ന ലൗകിക കാഴ്ചപ്പാടിൽ നിന്നും തികച്ചും വിത്യസ്തമായ ഒരു സന്ദേശമാണ് ഈശോമിശിഹാ ഇന്നത്തെ തിരുവചനത്തിലൂടെ പകർന്നുതരുന്നത്. ശിഷ്യരുടെ പാദം കഴുകി അധികാരം സ്നേഹശുശ്രൂഷയാണെന്ന് പഠിപ്പിച്ച ഈശോ തന്നെയാണ് നമുക്ക് മുമ്പിൽ മാതൃകയായിട്ടുള്ളത്. അധികാരം അധീശത്വം അല്ലായെന്നും, തന്റെ തീരുമാനങ്ങളും ചിന്താരീതികളും അധീനരെ ഭാരപ്പെടുത്തരുതെന്നും തിരിച്ചറിയുന്ന അധികാരി സമൂഹത്തിനെന്നും മാതൃകയാണ്. നേതൃത്വം ശുശ്രൂഷയാണെന്നും അതു ഒരു പ്രത്യേക കാലഘട്ടത്തിൽ താൻ നിർവഹിക്കേണ്ട ദൗത്യവുമാണെന്നുമുള്ള ബോധ്യത്തോടെ തങ്ങളുടെ അധികാരം വിനിയോഗിക്കുമ്പോൾ, നിങ്ങളിൽ ഏറ്റവും വലിയവൻ ശുശ്രൂഷകനായിരിക്കുമെന്ന (മത്താ 23:11) മിശിഹായുടെ വചനം മാംസം ധരിക്കുകയാണ്. മാറ്റിനിറുത്തപ്പെട്ടവരെയും കഴിവുകുറഞ്ഞവരെയും ശത്രുക്കളെപ്പോലും നെഞ്ചോട് ചേർത്തുനിറുത്തി സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കണ്ണിയായ് വർത്തിച്ചുകൊണ്ട് എല്ലാ തലങ്ങളിലും അധീനർക്ക് പ്രോത്സാഹനവും പ്രചോദനവും നല്കേണ്ടവനാണ് അധികാരി. തന്റെ അജഗണങ്ങൾക്കായി ജീവൻ ഹോമിച്ച (യോഹ 10:15) നല്ല ഇടയനായ ഈശോയുടെ മാതൃക അനുകരിച്ച് അപരന് സ്നേഹശുശ്രൂഷചെയ്യാൻ ജീവിതത്തിന്റെ വിവിധ തുറകളിൽ അധികാരമുള്ളവരായ നമുക്ക് ശ്രമിക്കാം. ഒരോരുത്തനും മേലധികാരികൾക്ക് വിധേയനായിരിക്കട്ടെ, എന്തെന്നാൽ ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല (റോമ 13:1) എന്ന ശ്ലീഹായുടെ ആഹ്വാനം ഉൾക്കൊണ്ട് അധികാരികൾക്ക് വിധേയപ്പെട്ട് ജീവിക്കാനും നമ്മൾ ബദ്ധശ്രദ്ധരായിക്കണം.

**Commission for Liturgy**
**Mount St.Thomas Kakkanad**
**03-03-2022**
**Read More:www.Syromalabarliturgy.org**